(സി) ഇക്കാര്യത്തിൽ നിയമസഭാസമിതിയുടെ ശുപാർശ ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എഫ്.സി.യുടെ ഭരണസമിതിയിൽ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ ഒരു പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ആവശ്യമില്ല.

(സി) കെ.എഫ്.സി.യുടെ ഭരണ സമിതിയിൽ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ ഒരു പ്രതിനിധിയെ ഉൾപ്പെടുത്തണമെന്നതായിരുന്നു നിയമസഭാ സമിതിയുടെ ശുപാർശ. സമിതിയുടെ ശുപാർശ പ്രകാരം കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ പ്രസിഡന്റായ ശ്രീ. എം. മൊയ്തിനെ ഭരണസമിതിയിൽ അംഗമായി നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

തിരുവനന്തപുരത്തെ ടെക്നോപാർക്ക്

23 (2079)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ടെക്നോപാർക്കിൽ എത്ര കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ഇവ ഏതെല്ലാം;

(ബി) ടെക്നോപാർക്കിൽ സംരംഭകർക്കായി നീക്കി വച്ചിരുന്ന സ്ഥലം മുഴുവൻ ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഇവിടെ സോഫ്റ്റ് വെയർ വികസിപ്പിക്കുന്ന എത്ര കമ്പനികൾ ഉണ്ട്;

(ഡി) ട്രാൻസ്ക്രിപ്ഷൻ നടത്തുന്ന കമ്പനികൾ എത്ര; വ്യാവസായിക ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന കമ്പനികൾ എത്ര;

(ഇ) ഇവ ഓരോന്നിനും എത്ര കോടി രൂപ വിറ്റു വരവ് ഉണ്ട്;

(എഫ്)സോഫ്റ്റ് വെയർ വികസിപ്പിക്കുന്ന കൂടുതൽ കമ്പനികളെ ടെക്നോപാർക്കിലേക്ക് ആകർഷിക്കുവാൻ സർക്കാർ എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ടെക്നോപാർക്കിൽ 36 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ടെക്നോപാർക്കിൽ സംരംഭകർക്കായി ഒരുക്കിയിട്ടുള്ള സ്ഥലം കമ്പനികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകിവരുന്നു. മുഴുവനും വിറ്റുപോയിട്ടില്ല. ഇപ്പോഴും കമ്പനികൾ വന്നുകൊണ്ടിരിക്കുന്നു.

(സി) 26 എണ്ണം.

(ഡി) ട്രാൻസ്ക്രിപ്ഷൻ കമ്പനികൾ 2, ഉൽപ്പാദനം നടത്തുന്ന കമ്പനികൾ 3, മറ്റു സർവ്വീസ് കമ്പനികൾ 5.

(ഇ) വിശദവിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.†

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)കൂടുതൽ സോഫ്റ്റ് വെയർ കമ്പനികളെ ടെക്നോപാർക്കിലേക്കാകർഷിക്കാൻ അതിവിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കേരളത്തിനു പുറത്തുള്ള സ്ഥലങ്ങളിൽ ഇൻവെസ്റ്റുമെന്റ് മീറ്റുകൾ സംഘടിപ്പിക്കുകയും ദേശീയ അന്തർദേശീയ തലങ്ങളിൽ നടക്കുന്ന ട്രേഡ് ഫെയറുകളിൽ ടെക്നോപാർക്ക് പങ്കെടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പത്രങ്ങളിലും മാസികകളിലും പരസ്യങ്ങൾ നൽകുകയും നേരിട്ടുള്ള കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്.

കിൻഫ്രായുടെ പ്രവർത്തനം

24 (2080)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയിൽ എത്ര സ്ഥിരം, ഡെയിലിവേജസ്, കോൺട്രാക്ട്, പാർട്ട്ടൈം ജീവനക്കാർ ഉണ്ടെന്നതിന്റെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇവിടെ ഡെപ്യൂട്ടേഷനിൽ എത്രപേർ ജോലി നോക്കുന്നുണ്ട് എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) പുതുതായി എത്ര പ്രോജക്ടുകളുടെ നിർമ്മാണ പ്രവർത്തനം നടക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇവയുടെ നിർമ്മാണ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ഇ) പുതിയ പ്രോജക്ടുകൾ ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്)തുടങ്ങിവച്ചവ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) എത്ര പ്രോജക്ടുകൾ ഇതിനകം പൂർത്തിയായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എച്ച്) തുടങ്ങിവച്ച പ്രോജക്ടുകൾ പൂർത്തിയാക്കാത്തതിനെക്കുറിച്ചും പുതിയ വർക്കുകൾ ആരംഭിക്കുന്നത് സംബന്ധിച്ചും പ്ലാനിംഗ് ബോർഡ് എന്തെങ്കിലും നിർദ്ദേശം നൽകുക ഉണ്ടായോ;

(ഐ) വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ഥിരം - 9

കോൺട്രാക്ട് - 12

ഡെയിലിവേജസ്/പാർട്ട്- ടൈം ജീവനക്കാർ ഇല്ല.

(ബി) 1. മാനേജിംഗ് ഡയറക്ടർ - 1

2. മാനേജർ (ടെക്നിക്കൽ) - 1

3. അസിസ്റ്റന്റ് മാനേജർ (സിവിൽ) - 1

കിൻഫ്രയുടെ സബ്സിഡിയറി കമ്പനികളായ കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് (എം.ഡി.ഇൻ-ചാർജ്) - 1

കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക് (എം.ഡി) - 1

LIBRARY ARCHIVES Kerala Legislative Assembly